പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4570

18.05.2017 ൽ മറുപടിയ്ക്ക്

## ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സമിതികൾക്കു സഹായങ്ങൾ

ചോദ്യം

ശ്രീ.സി.കെ. ഹരീന്ദ്രൻ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമീണ മേഖലകളിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സമിതികൾക്ക് സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നുണ്ടോ ; | (എ) & (ബി) | ഉണ്ട്. ഗ്രാമീണ മേഖലകളിലേതുൾപ്പെടെ സംസ്ഥാനത്തെ അഫിലിയേറ്റ് ചെയ്ത യൂത്ത് ക്ലബ്ബുകൾ സമർപ്പിക്കുന്ന വിവിധ പ്രോജക്ടുകൾ അടിസ്ഥാനമാക്കി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ 01.06.1999-ലെ സ.ഉ. (എം.എസ്) നമ്പർ 23/1999/സാം.കാ.വ എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കേരള സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുതും വലുതുമായ വിവിധ കലാ-സാംസ്കാരിക സംഘടനകൾക്ക് അവരുടെ കലാ-സാംസ്കാരിക തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് അതത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ വിഹിതങ്ങളുടെ (ആവർത്തന/അനാവർത്തന/സ്പെഷ്യൽ ഗ്രാന്റുകളുടെ) അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽനിന്നും ധനസഹായം അനുവദിക്കാറുണ്ട്.<br>സ്വയംതൊഴിൽ സംരംഭങ്ങൾ, പരിസ്ഥിതി പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ തുടങ്ങിയ പദ്ധതികൾക്കാണ് ഫണ്ട് ലഭ്യത അനുസരിച്ച് യുവജനക്ഷേമ ബോർഡ് ധനസഹായം അനുവദിക്കുന്നത്. ബോർഡിന്റെ ധനസഹായം ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് അതാത് ജില്ലകളിലെ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജന കേന്ദ്രങ്ങളിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |
| (ബി) | ഉണ്ടെങ്കിൽ അവ ഏതൊക്കെ യാണെന്നും അതിനായി എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും തരം തിരിച്ച് വിവരങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ